പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജൂലൈ 22-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 133-ന്റെ എല്ലാ പിരിവുകൾക്കും 'വിവരം ശേഖരിച്ചുവരുന്നു' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയിരിക്കുന്നതിലേയ്ക്ക് സഭയുടെയും അങ്ങയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. 2015 മാർച്ച് 13-ന് നിയമസഭയിൽ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസിന്റെ വിശദാംശങ്ങൾ മാത്രമാണ് പ്രസ്തുത ചോദ്യത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. സെക്രട്ടേറിയറ്റിലെ ഒരു ഫയലിൽനിന്നും വളരെ വേഗത്തിൽ ലഭ്യമാക്കാൻ സാധിക്കുന്ന വിവരങ്ങൾ സാമാജികരെയും സഭയെയും അറിയിക്കുന്നതിനുപകരം 'വിവരം ശേഖരിച്ചുവരുന്നു' എന്നുള്ള സ്ഥിരം മറുപടിയാണ് നൽകിയത്. ഇത് ജനാധിപത്യ പ്രക്രിയയെ അവഹേളിക്കുന്നതിന് തുല്യമാണ്. പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ ഉന്നയിച്ച നിരവധി ചോദ്യങ്ങൾക്കുപോലും നാളിതുവരെ മറുപടി നൽകിയിട്ടില്ല. വിവരാവകാശ നിയമപ്രകാരം ചോദിച്ചാൽ പല മറുപടിയും പെട്ടെന്ന് കിട്ടും. നിയമസഭയിൽ ചോദിച്ചാൽ അങ്ങനെ കിട്ടാത്ത സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. വിവരാവകാശ നിയമപ്രകാരം ചോദിച്ചാൽ ഉദ്യോഗസ്ഥർ കറക്ട് സമയത്ത്

മറുപടി തരും. നിയമസഭയിൽ ഒരുപാട് ഉത്തരങ്ങൾ കുടിക്കഴിയുമ്പോഴാണ് ഇത് പറയുന്നത്. ഒരുപാട് ഉത്തരങ്ങൾ പെൻഡിംഗിലാണ്. 'വിവരം ശേഖരിച്ചുവരുന്നു' എന്ന് പറയുന്നതിനേക്കാൾ നല്ലത് ഉത്തരം തരില്ല എന്ന് പറയുന്നതാണ്. അങ്ങ് ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾക്കുള്ള മറുപടി കൃത്യമാക്കുന്നതിന് പൊതുവിൽ ഒരു ക്രമീകരണം വരുത്തേണ്ടിവരും. അത് സംബന്ധിച്ച് ആലോചിക്കാം. മൊത്തത്തിൽ ഇത്തരം കാര്യങ്ങളിൽ ഒരു ക്രമീകരണം വരുത്തേണ്ടതുണ്ട് എന്ന അഭിപ്രായമാണ് ചെയറിനുള്ളത്.